(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

വ്യവസായരംഗത്തെ പുതിയ സാമ്പത്തിക നയം

112 (1173) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ജയരാജൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായരംഗത്ത് നിലവിലുള്ള യാതൊരു നിയമവും ബാധകമല്ലാത്ത 'പ്രത്യേക സാമ്പത്തിക മേഖല' കൊണ്ടുവരാനുള്ള നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ നയം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ ; നയത്തിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ടോ ;

(സി) സർക്കാർ രൂപം നൽകിയ നയത്തിന്റെ ഭാഗമായി 'പ്രത്യേക സാമ്പത്തിക മേഖലയിൽ' വരുന്ന വ്യവസായികൾക്ക് ഏതെല്ലാം നിയമവ്യവസ്ഥകളിൽ നിന്നുള്ള ഒഴിവാക്കലുകളും പ്രത്യേക ആനുകൂല്യങ്ങളും നൽകാൻ ഉദ്ദേശിക്കുന്നു ;

(ഡി) ഇത്തരമൊരു നയം സ്വീകരിക്കാൻ സർക്കാരിന് നിർദ്ദേശം ലഭിച്ചത് എവിടെ നിന്നാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിർദ്ദിഷ്ട സാമ്പത്തിക മേഖലയിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടാകുമോ ;

(എഫ്) നികുതി പിരിവുകളോ തൊഴിലാളി നിയമങ്ങളോ ഇല്ലാത്ത മേഖലയിലേക്ക് വരുന്ന വ്യവസായികൾക്ക് അവർ കൊയ്യുന്ന ലാഭം മൊത്തമായി കൊണ്ടു പോകാൻ അവകാശമുണ്ടാകുമോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) 17-6-2003-ൽ പുറപ്പെടുവിച്ച "പ്രത്യേക സാമ്പത്തിക മേഖലാ നയം" സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് ഇത്തരമൊരു നയം രൂപീകരിച്ചത്.

(ഇ) ഉണ്ടാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത് കേന്ദ്രഗവൺമെന്റിന്റെയും റിസർവ്വ് ബാങ്കിന്റെയും നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

113 (1174) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതൊക്കെ ഏജൻസികളിൽ നിന്നുമാണ് സാമ്പത്തിക സഹായം ലഭിക്കുന്നത് ;

(സി) ഓരോ പദ്ധതിക്കും ഈ സാമ്പത്തിക വർഷം നേടാൻ കഴിഞ്ഞ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഇനിയും സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ് ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം നേടിയെടുക്കുന്നതിൽ ഉണ്ടായ വീഴ്ചകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് ഈ പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നത്.

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്-66.79 ലക്ഷം രൂപ.
2. ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്-73.56 ലക്ഷം രൂപ
3. ജലവിതരണ പദ്ധതി, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്-175 ലക്ഷം രൂപ

(ഡി) ഇനിയും സാമ്പത്തിക സഹായത്തിനായി വ്യവസായ വകുപ്പ് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കരകൗശല പദ്ധതിയിൻ കീഴിലുള്ള അർബൻ ഹാത്ത് പദ്ധതി പ്രകാരമുള്ള പ്രൊപ്പോസൽ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly